ആയുർവ്വേദ ഔഷധങ്ങളെ രാജ്യാന്തര ബ്രാന്റായി വികസിപ്പിക്കുന്നതിന് പദ്ധതി

*23. [148] ശ്രീ. തോമസ് ചാഴികാടൻ :

" കെ. നാരായണക്കുറുപ്പ് :

" റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ആയുർവ്വേദ ഔഷധങ്ങളെ രാജ്യാന്തര ബ്രാന്റായി വികസിപ്പിക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ധന സഹായം ലഭ്യമാക്കുമോ; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) :

(എ) കേരളത്തിലെ ആയുർവ്വേദ ഔഷധങ്ങളെ രാജ്യാന്തര ബ്രാന്റായി വികസിപ്പിക്കുന്നതിന് കിൻഫ്ര 'കെയർ കേരളം' എന്ന പേരിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര വാണിജ്യ വകുപ്പിന്റെ ഇന്റസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ പദ്ധതി മുഖേന പരമ്പരാഗത വ്യവസായങ്ങൾക്കായി മൊത്തം പദ്ധതി ചെലവിന്റെ 75% സാമ്പത്തിക സഹായമായി ലഭിക്കുന്നു (പരമാവധി 50 കോടി രൂപ വരെ). പ്രസ്തുത പദ്ധതിക്ക് ധനസഹായമായി 29 കോടി രൂപ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കിൻഫ്രയുടെ കീഴിൽ കൊരട്ടിയിൽ പ്രവർത്തിക്കുന്ന വ്യവസായിക പാർക്കിൽ 10 ഏക്കർ ഭൂമി കെയർ കേരളം പദ്ധതിക്കായി കിൻഫ്ര നൽകിയിട്ടുണ്ട്. ഇതു കൂടാതെ പൊതു സൗകര്യങ്ങൾക്കായിട്ടുള്ള ഒരു കെട്ടിടവും പണികഴിപ്പിച്ചു നൽകിയിട്ടുണ്ട്.

(ഡി) കേന്ദ്ര ധനസഹായം ലഭിച്ചാൽ ഉടനെ തന്നെ പദ്ധതി യാഥാർത്ഥ്യമാക്കാൻ വേണ്ട എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. ഡി. സുഗതൻ 5-7-2005-ൽ എം. എൽ. എ. സ്ഥാനം രാജിവച്ചതിനാൽ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ (*149) പരിഗണിക്കപ്പെട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly